25555
12/9/18

## കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 13.07.2018-ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (കൈ) നമ്പർ : **325/2018/റവ.** തിരുവനന്തപുരം, തീയതി, **07.09.2018.**

==========================================

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 08.08.2018-ലെ ജി3/13305/2018 നമ്പർ കത്ത്.

## ഉത്തരവ്

13.07.2018-ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ കൂട്ടായി തിരൂർ പുഴയിൽ കരയോട് ചേർന്ന് കെട്ടിയിട്ടിരുന്ന 11 ഇൻബോർഡ് വള്ളങ്ങളും അവയുടെ 10 കാരിയർ വള്ളങ്ങളും കെട്ട് പൊട്ടി കടലിലേക്ക് ഒഴുകിപ്പോകുകയും ശക്തമായ ഒഴുക്കിൽപ്പെട്ട് പുലിമുട്ടുകളിലിടിച്ച് തകരുകയും ഇതുമൂലം 5.42 കോടി രൂപയുടെ നഷ്ടമുണ്ടായതായും ഈ നഷ്ടം നികത്തുന്നതിന് ഫിഷറീസ് വകുപ്പിൽ യാതൊരുവിധ പദ്ധതികളോ ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ നിലവിലില്ലാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. 13.07.2018-ലെ കടൽക്ഷോഭത്തെത്തുടർന്ന് പൊന്നാനി അഴിമുഖത്ത് മുങ്ങിയ ഒരു സ്റ്റീൽ ബോഡി വള്ളവും കടൽക്ഷോഭത്തിൽ തകർന്ന മറ്റ് മത്സ്യബന്ധന യാനങ്ങളിലെ ഉൾപ്പെടെ വലകളും എഞ്ചിനുകളും അഴിമുഖത്ത് താഴ്ന്ന് പൊന്നാനി മത്സ്യബന്ധന തുറമുഖത്തേക്കുള്ള സഞ്ചാര പാത തടസ്സമായി തുടരുന്നതുമൂലവും സുരക്ഷിതമായി മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ മുങ്ങിപ്പോയ ബോട്ടുകളും അവയുടെ എഞ്ചിനുകളും വലകളും നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ആയതിൽ ഏറ്റവും കുറഞ്ഞ തുകയായ 18 ലക്ഷം രൂപ ക്വോട്ട് ചെയ്തത് ഇമ്മാനുവൽ അണ്ടർവാട്ടർ എഞ്ചിനീയറിംഗ്, കന്യാകുമാരി എന്ന കമ്പനിയാണ്. ഇത് ജില്ലാകളക്ടർക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുകയേക്കാൾ കൂടിയ തുക ആയതിനാൽ ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13.07.2018-ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നഷ്ടത്തിന് തത്തുല്യമായ നഷ്ടപരിഹാരത്തുകയും പൊന്നാനി അഴിമുഖത്ത് മുങ്ങിപ്പോയ മത്സ്യബന്ധന ബോട്ടുകളും എഞ്ചിനുകളും വലകളും അഴിമുഖത്ത് നിന്ന് നീക്കം ചെയ്ത് സുരക്ഷിതമായി മത്സ്യബന്ധനത്തിന് പോകുന്നതിനും വരുന്നതിനും മത്സ്യബന്ധന യാനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനുള്ള ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

...2/-

4. വിതരണത്തിനാവശ്യമായിവരുന്ന തുക *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ഫിഷറീസ് ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ ഫണ്ട്സ് വകുപ്പ്
ജില്ലാ ഫിഷറീസ് ഓഫീസർ, മലപ്പുറം (ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.